ചീഫ് എഞ്ചിനിയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

ഹാജർ. എ.റ്റി.ഷിബു

വിഷയം:- ജലസേചനം-ജീവനക്കാര്യം-ഓഫീസ് അറ്റൻഡന്റുമാരുടെ അന്തർ ജില്ലാ സ്ഥലം മാറ്റവും നിയമനവും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 02/12/1991 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 36/91/പി&എ.ആർ.ഡി.
2. ഓഫീസ് അറ്റൻഡന്റുമാരുടെ സ്ഥലംമാറ്റ അപേക്ഷകൾ.

ഉത്തരവ് നമ്പർ ബി 6/22860/2017(1) തീയതി 30/10/2020.

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കു വിധേയമായും പരാമർശം (2) പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ചും ഈ വകുപ്പിലെ ചുവടെ പറയുന്ന ഓഫീസ് അറ്റൻഡന്റുമാർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം അനുവദിച്ച് അവരവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന ജില്ലകളിലെ കാര്യാലയങ്ങളിലേയ്ക്ക് നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പെൻ നമ്പർ | പേരും ഓഫീസും | സ്ഥലംമാറ്റം നൽകുന്ന ജില്ല/കാര്യാലയം |
|---|---|---|---|
| 1 | 471105 | ശ്രീ.തമ്പി.കെ.എ,<br>ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കൺസ്ട്രക്ഷൻ മെറ്റീരിയൽസ് ഡിവിഷൻ, കെഇആർഐ, പീച്ചി. | ശിരുവാണി പ്രോജക്ട് സർക്കിൾ, പാലക്കാട് (ശ്രീമതി.ദീപ.ജി സ്ഥലം മാറുന്ന ഒഴിവിൽ) |
| 2 | | ശ്രീ.സുധീർ.പി.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി.വി.ഐ.പി.സബ് ഡിവിഷൻ നം.4, ആലുവ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം നോർത്ത് സബ് ഡിവിഷൻ കോഴിക്കോട് (ശ്രീമതി.വിദ്യ.കെ.ഇ. സ്ഥലം മാറുന്ന ഒഴിവിൽ) |

മേൽപ്പറഞ്ഞ ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ 5 വർഷത്തെ സേവനം പൂർത്തീകരിക്കുകയും സ്ഥലംമാറ്റം ലഭിക്കുന്ന പുതിയ ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ ഏറ്റവും ജൂനിയർ ആയിക്കൊള്ളാം എന്ന് സാക്ഷ്യപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്.

ടി ജീവനക്കാർ സ്ഥലം മാറ്റം ലഭിച്ച ജില്ലകളിലെ കാര്യാലയങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ ഏറ്റവും ജൂനിയർ ആയ ഓഫീസ് അറ്റൻഡന്റുമാരുമാരായി സ്ഥാനം നൽകുന്നതാണ്. ടി അന്തർ ജില്ലാ സ്ഥലം മാറ്റം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ടിയാളുകളുടെ സേവന പുസ്തകത്തിൽ വ്യക്തമായി സാക്ഷ്യപ്പെടുത്തി ഉൾപ്പെടുത്തേണ്ടതാകുന്നു. ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ ടിയാളുകളെ എത്രയും

പെട്ടെന്ന് വിടുതൽ ചെയ്യേണ്ടതാണ്. വിടുതൽ/ജോലിയിൽ പ്രവേശിക്കുന്നത തീയതി ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ നിശ്ചിത സമയത്തിനുള്ളിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

സ്വീകർത്താവ്
വ്യക്തികൾക്ക് (ജലസേചന വകുപ്പ് വെബ്സൈറ്റ് മുഖേന)

പകർപ്പ്:- 1) എല്ലാ ചീഫ് എഞ്ചിനീയർ/ സൂപ്രണ്ടിംഗ് എഞ്ചിനീയർ/എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വെബ്സൈറ്റ് മുഖേന.
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്ലാനിംഗ്/ഐ.റ്റി.സെൽ.
3) ജൂനിയർ സൂപ്രണ്ട്, സീനിയോറിറ്റി സെൽ.
4) കരുതൽ ഫയൽ/അധികം.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
ഇറിഗേഷൻ